പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 504 — 01/07/2019-ൽ മറുപടിക്ക്

## ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**,, അനൂപ് ജേക്കബ്**<br>**,, റോജി എം. ജോൺ**<br>**,, അൻവർ സാദത്ത്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | 2021- ഓട്ടുകൂടി അന്തർദേശീയ നിലവാരമുള്ളതും ഗുണമേന്മ യുള്ളതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | 2021-ഓട്ട കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണമേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി ദ്യുതി 2021 എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനികവത്കരിക്കുകയും ചെയ്തു കൊണ്ട് വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോക നിലവാരത്തിലേക്ക് ഉയർത്തുകയാണ് 2021 ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.<br><br>കേരള സംസ്ഥാനത്തിൽ വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. ആയി ഉയർത്തുന്നതിനും പുതിയ 400/220 കെ.വി സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ പുതിയതായി 400 കെ.വി. യുടെ 507 സർക്യൂട്ട് കി.മീ. ലൈനുകളുടെയും 220 കെ.വി. യുടെ 1965 സർക്യൂട്ട് കി.മീ. ലൈനുകളുടെയും 110 കെ.വി. യുടെ 2009 സർക്യൂട്ട് കി.മീ. ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു.<br><br>കേരളത്തിന്റെ വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പു[illegible] [illegible] |

| | | | |
|---|---|---|---|
| | | | വൈദ്യുതി കൊണ്ടുവരുന്നതിനായി ഇടമൺ-കൊച്ചി 400 കെ.വി.ലൈൻ, പുഗലൂർ മാടക്കത്തറ HVDC ലിങ്ക്, ഉടുപ്പി-മൈലാട്ടി 400 കെ.വി.ലൈൻ എന്നിവയുടെ പണി പുരോഗമിച്ചു വരുന്നു.<br>ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികൾക്ക് പുറമെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും വോൾട്ടേജ് ലെവൽ ഉയർത്തുന്നതിന്റെയും ശേഷി വർദ്ധിപ്പിക്കുന്നതിന്റെയും പ്രവൃത്തികൾ ബോർഡിന്റെ സ്വന്തം ഫണ്ടുപയോഗിച്ച് സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) | വൈദ്യുതി വിതരണ രംഗത്തുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നിലവിലുള്ള 110 കെ.വി സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി സബ് സ്റ്റേഷനായി ഉയർത്തുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; | (ബി)<br>&<br>(സി) | വൈദ്യുതി വിതരണ രംഗത്തുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നിലവിലുള്ള 110 കെ.വി സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി സബ് സ്റ്റേഷനായി ഉയർത്തുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാം ഘട്ട പദ്ധതിയിൽ 5 സബ്സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളും ഉൾപ്പെട്ടുത്തിയിട്ടുണ്ട്.<br>1. ഇതിൽ മലപ്പുറം -മഞ്ചേരി ലൈൻ പാക്കേജിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു.<br>2. രണ്ടു പദ്ധതികൾക്ക് - ഏറനാട് ലൈൻ പാക്കേജിനും HLTSലൈൻ പാക്കേജിനും കേന്ദ്ര ഏജൻസിയായ PSDFവഴിയാണ് ഫണ്ടിംഗ്. PSDFൽ നിന്നും ഈ രണ്ടു പദ്ധതികൾക്കായി ഏകദേശം 400 കോടി രൂപ ഗ്രാന്റായി അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഈ പദ്ധതികൾ M/s.Sterlite Power Transmission Ltd, Puneഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിൽ വരുന്ന കക്കയം-നല്ലളം ഭാഗത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തി പൂർത്തിയായി ചാർജ്ജ് ചെയ്തു കഴിഞ്ഞു.<br>3. കൊച്ചി ലൈൻ പാക്കേജിന്റെ OHഭാഗം M/s.L&T Ltd, Chennai യും കേബിൾ ഭാഗം M/s.KEI Industries Limited ഉം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിൽ ഉൾപ്പെടുന്ന കറുകടം-കോതമംഗലം 220 കെ.വി ഒ.എച്ച് ലൈൻ പൂർത്തിയായിട്ടുണ്ട്.<br>4. North South Interlink package, Kottayam Lines Package, Thrissivaperur Line Package, North Malabar Lines Package, Kolathunadu Line Strengthening Package തുടങ്ങിയ 5 ലൈൻ പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ നൽകി കഴിഞ്ഞു.<br>5. സബ്സ്റ്റേഷൻ പാക്കേജുകളായ AIS Package I ന്റെ (കോതമംഗലം, ചിത്തിരപുരം, മഞ്ചേരി, ചാലക്കുടി 220 കെ.വി സബ്സ്റ്റേഷനുകൾ) |
| (സി) | വൈദ്യുതി മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമാക്കിയിട്ടുള്ള ട്രാൻസ് ഗ്രിഡ് 2.0 എന്ന പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | M/s.Siemens India Ltd വഴിയും,GIS Package I ന്റെ (ആലുവ, കലൂർ, കുന്ന മംഗലം 220 കെ.വി സബ്സ്റ്റേഷൻ) M/s.GE T&D വഴിയും പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br>6. 3 സബ്സ്റ്റേഷൻ പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി. ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 -ലെ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.പുതിയ സർവീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട് .<br>ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് നിലവിലുള്ള കണക്ടഡ് ലോഡ് ലളിതമായ രീതിയിൽ ക്രമീകരിക്കുന്നതിനായി പ്രത്യേക അവസരം നൽകുകയുണ്ടായി .<br>ലോ ടെൻഷൻ ഉപഭോക്താക്കൾക്ക് ഓൺലൈനായി വൈദ്യുതി കണക്ഷന് അപേക്ഷിക്കാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഹൈ ടെൻഷൻ/എക്സ്ട്രാ ഹൈ ടെൻഷൻ വൈദ്യുതി കണക്ഷൻ അപേക്ഷകൾ ഏക ജാലക സംവിധാനം വഴി ഓൺലൈനായ് സമർപ്പിക്കുന്നതി നായി **ഗ്രീൻ ചാനൽ സംവിധാനം** ഏർപ്പെടുത്തി.<br>പുതിയതായി തുടക്കം കുറിച്ച ആധുനിക സംവിധാനങ്ങൾ / പദ്ധതികൾ<br>വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതികവിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. വിതരണ ശൃംഖലയുടെ വൈദ്യുതി നഷ്ടം കണ്ടു പിടിക്കുവാനും കുറയ്ക്കാനും |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിട്ടിട്ടുള്ള ആർ.എ.പി.ഡി.ആർ.പി. ഫേസ് – 2 ഐ.ടി. പദ്ധതി (ഐ.പി.ഡി.എസ്.).<br>**2.** തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.<br>**3.** വിതരണ മേഖലയുടെ നവീകരണത്തിനായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് പദ്ധതി.<br>4. തിരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലുള്ള സബ് സ്റ്റേഷനുകളിലെ 11 കെ.വി. ലൈനുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി മോണിറ്റർ ചെയ്യാനുള്ള ആർ.റ്റി – ഡാസ് (RT-DAS) പദ്ധതി. |

സെക്ഷൻ ഓഫീസർ